REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് പ്രചാരണ അവസാനിയ്ക്കാൻ 10 ദിവസം മാത്രം ബാക്കി നിൽക്കെ കൂടുതൽ ദേശീയ നേതാക്കൾ എത്തിത്തുടങ്ങി.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആലത്തൂരിലും ആറ്റിങ്ങലിലും NDA തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വയനാടും കോഴിക്കോടും ഇന്ന് പ്രചാരണത്തിനെത്തും. CPI ജനറൽ സെക്രട്ടറി ഡി രാജയും ഇന്ന് കേരളത്തിൽ.
- ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് ഉൾപ്പെടെ 102 ലോക്സഭാ മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും.
- വീട്ടിൽ നിന്നും വോട്ട്' സേവനത്തിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് തുടക്കം.
- IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനും ചെന്നൈ സൂപ്പർ കിംഗ്സിനും ജയം.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിയ്ക്കാൻ 10 ദിവസം മാത്രം ബാക്കി നിൽക്കെ കൂടുതൽ ദേശീയ നേതാക്കൾ പ്രചാരണത്തിന് എത്തിത്തുടങ്ങി. ഇതോടെ പ്രചാരണം കൂടുതൽ

സജീവമാകും. പരമാവധി വോട്ടർമാരെ നേരിൽകണ്ട് വോട്ടുറപ്പിക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും.

✪✪✪

NDA സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി പത്തരയോടെ കൊച്ചി വിമാനത്താവളത്തിൽ എത്തി. രാവിലെ തൃശ്ശൂരിലേക്ക് പോകുന്ന പ്രധാനമന്ത്രി, 11 മണിയോടെ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ കുന്നംകുളം ചെറുവട്ടാനിയിൽ NDA സ്ഥാനാർത്ഥി ഡോ. T.N സരസുവിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും.

ഉച്ചകഴിഞ്ഞ് 2.15 ന് അദ്ദേഹം ആറ്റിങ്ങൽ മണ്ഡലം എൻഡിഎ സ്ഥാനാർത്ഥിയും കേന്ദ്ര സഹമന്ത്രിയുമായ വി മുരളീധരന്റെ പ്രചാരണാർത്ഥം കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തെയും അഭിസംബോധന ചെയ്യും. വൈകിട്ട് തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ നടക്കുന്ന പൊതുയോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

പ്രധാനമന്ത്രിയുടെ സന്ദർശനം കണക്കിലെടുത്ത് രാവിലെ 9 മുതൽ 11 മണി വരെ കൊച്ചി നഗരത്തിലെ ചില ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. കനത്ത സുരക്ഷ ക്രമീകരണങ്ങളാണ് കുന്നംകുളം നഗരത്തിൽ ഒരുക്കിയിരിക്കുന്നത്. തിരുവനന്തപുരം കാട്ടാക്കടയിലും

രാവിലെ 10 മുതൽ കർശന ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥിയും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഇന്ന് കോഴിക്കോട്ടെത്തും. ഇന്നും നാളെയും അദ്ദേഹം വയനാട് മണ്ഡലത്തിൽ പര്യടനം നടത്തും. ഇന്ന് വൈകിട്ട് കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന UDF റാലിയിലും പൊതുസമ്മേളനത്തിലും രാഹുൽ ഗാന്ധി പങ്കെടുക്കും.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഈ മാസം 20-നും ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി 22-നും വയനാട്ടിലെത്തും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ എന്നിവിടങ്ങളിൽ LDF പ്രചരണ യോഗങ്ങളിൽ പങ്കെടുക്കും. നാളെ ആലത്തൂർ ലോക്സഭാ മണ്ഡലത്തിലെ വടക്കാഞ്ചേരി, നെന്മാറ എന്നിവിടങ്ങളിലും മുഖ്യമന്ത്രി പ്രചാരണത്തിനെത്തും.

✪✪✪

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ തിരഞ്ഞെടുപ്പ് പ്രചാര ണത്തിനായി CPI ദേശീയ ജനറൽ സെക്രട്ടറി ഡി രാജ ഇന്ന് എത്തും.

പേരൂർക്കടയിൽ വൈകീട്ട് നടക്കുന്ന പൊതു സമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും.

✪✪✪

LDF സ്ഥാനാർഥി എം.വി.ജയരാജന്റെ പ്രചാരണാർത്ഥം CPIM നേതാവ് ബൃന്ദകാരാട്ട് ഇന്ന് രാവിലെ കണ്ണൂർ പുതിയതെരുവിലും CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി നാളെ വൈകുന്നേരം മമ്പറത്തും യോഗങ്ങളിൽ പങ്കെടുക്കും.

UDF സ്ഥാനാർഥി കെ.സുധാകരന്റെ പ്രചാരണാർഥം കർണ്ണാടക ഉപ മുഖ്യമന്ത്രി ഡി.കെ.ശിവകുമാറിന്റെ റോഡ് ഷോ നാളെ മട്ടന്നൂരിൽ നിന്ന് തുടങ്ങും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വ്യാഴാഴ്ച രാവിലെ കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ പ്രചാരണത്തിനെത്തും.

മുതിർന്ന BJP നേതാവും കേന്ദ്ര മന്ത്രിയുമായ രാജ്നാഥ് സിംഗ് മറ്റന്നാൾ വൈകുന്നേരം മട്ടന്നൂരിൽ NDA സ്ഥാനാർഥി സി.രഘുനാഥിന്റെ പ്രചരാണ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് ഉൾപ്പെടെ 102 ലോക്സഭാ മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും. ഈ മണ്ഡലങ്ങളിൽ വോട്ട് ഉറപ്പിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടികളെല്ലാം പ്രചാരണം കൂടുതൽ ഊർജ്ജിതമാക്കി. വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്. ലക്ഷദ്വീപിന് പുറമെ തമിഴ്നാടും, പുതുച്ചേരിയും,

ഉൾപ്പെടെ 17 സംസ്ഥാനങ്ങളും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളുമാണ് ഒന്നാം ഘട്ടത്തിൽ വിധിയെഴുതുന്നത്.

✪✪✪

സംവരണം രാജ്യത്ത് തുടരുമെന്നും അത് തകർക്കാൻ ആരെയും BJP അനുവദിക്കില്ലെന്നും കേന്ദ്രമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ അമിത് ഷാ പറഞ്ഞു. മഹാരാഷ്ട്രയിലെ സകോലിയിൽ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം, സാംസ്കാരിക മാനദണ്ഡങ്ങൾ പുനരുജ്ജീവിപ്പിക്കാനും തീവ്രവാദം തടയാനും നക്സലിസം ഏതാണ്ട് അവസാനിപ്പിക്കാനും പാർട്ടി പ്രവർത്തിച്ചുവെന്നും അമിത് ഷാ പറഞ്ഞു. പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കർഷകരുടെയും ജീവിതനിലവാരം ഗവണ്മെന്റ് മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കഴിഞ്ഞ 10 വർഷമായി ദരിദ്രർക്കായി ഒന്നും ചെയ്യാൻ കഴിയാത്ത BJPയുടെ പ്രകടന പത്രികയെ വിശ്വസിക്കാനാവില്ലെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നും, മിനിമം താങ്ങുവില വർധിപ്പിക്കുമെന്നും, നിയമപരമായ ഗ്യാരണ്ടി നൽകുമെന്നും നേരത്തെ BJP തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ, വാഗ്ദാനം ചെയ്ത കാര്യം അദ്ദേഹം ഓർമിപ്പിച്ചു. ഇതെല്ലാം രാജ്യത്തെ കർഷകർ ആവശ്യപ്പെടുന്ന കാര്യങ്ങളാണെന്ന് അദ്ദേഹം നാഗ്പൂരിൽ

പറഞ്ഞു, യുവാക്കൾ ജോലി അന്വേഷിക്കുകയാണ്, പണപ്പെരുപ്പം ഉയരുകയാണ്, എന്നാൽ ഈ വിഷയങ്ങളിൽ പ്രധാനമന്ത്രിക്ക് ആശങ്കയില്ലെന്നും ഖാർഗെ കുറ്റപ്പെടുത്തി.

അഴിമതിയുടെ പേരിൽ കോൺഗ്രസിനെ കുറ്റപ്പെടുത്തുന്ന BJP അഴിമതി ആരോപണങ്ങൾ നേരിടുന്ന 23 മുൻ കോൺഗ്രസ്സുകാരെ പാർട്ടിയിൽ എടുത്തെന്നും കോൺഗ്രസ് അധ്യക്ഷൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഏറ്റവും കുറവ് സ്ഥാനാർഥികൾ മത്സരിക്കുന്ന ലോക്സഭാ മണ്ഡലമാണെങ്കിലും മത്സരം കൊണ്ട് ഏറ്റവും കൂടുതൽ ശ്രദ്ധേയമാകുന്ന മണ്ഡലങ്ങളിൽ ഒന്നും ആലത്തൂരാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

..........വോയ്സ്............

✪✪✪

കോഴിക്കോട് ജില്ലയിൽ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ഇന്നും നാളെയും മറ്റന്നാളുമായി നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം ഘട്ട പരിശീലനം 18, 19, 20 തീയതികളിലേക്ക് മാറ്റിയതായി തെരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കലക്ടർ അറിയിച്ചു. ഏപ്രിൽ 18 നു പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ

നേരത്തെ നിർദ്ദേശം ലഭിച്ചിരുന്നവർ അതേ തീയതിയിൽ തന്നെ പങ്കെടുക്കണം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആദ്യഘട്ട പരിശീലനത്തിൽ നിന്നും വിട്ടുനിന്ന 23 ഉദ്യോഗസ്ഥർക്ക് തൃശൂർ ജില്ലാ കളക്ടർ കാരണം കാണിക്കാൻ നോട്ടീസ് നൽകി. പരിശീലനത്തിൽ പങ്കെടുക്കുന്നതിലും പോളിംഗ് ഡ്യൂട്ടി നിർവഹിക്കുന്നതിലും ബോധപൂർവ്വം വീഴ്ച വരുത്തുന്നവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കളക്ടർ പറഞ്ഞു.

✪✪✪

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സമ്മതിദായകരുടെ വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന 'വീട്ടിൽ നിന്നും വോട്ട്' അഥവാ ഹോം വോട്ടിങ് സേവനത്തിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്ന് തുടക്കമാകും. മുൻകൂട്ടി അപേക്ഷ നൽകിയ ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മുകളിൽ പ്രായക്കാർക്കുമാണ് വീട്ടിൽനിന്ന് വോട്ടിന് അവസരം നൽകുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്...........

കാഴ്ച പരിമിതർ, ചലനശേഷിയില്ലാത്തവർ എന്നിവർക്ക് വോട്ട് ചെയ്യുന്നതിന് സഹായിയെ അനുവദിക്കും. വോട്ടിങിനായി ഉദ്യോഗസ്ഥർ വീട്ടിലെത്തുന്ന തിയതിയും

സമയവും മുൻകൂട്ടി എസ്.എം.എസ് വഴിയും ഇതിന് സൗകര്യമില്ലാത്ത സാഹചര്യത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർ മുഖേനയും വോട്ടർമാരെ അറിയിക്കും. ഈ സമയം വോട്ടർ വീട്ടിലില്ലാത്ത സാഹചര്യമുണ്ടായാൽ മറ്റൊരു ദിവസം കൂടി അവസരം നൽകും.

മലപ്പുറം ജില്ലയിൽ ഇന്നുമുതൽ ഈ മാസം 24 വരെയാണ് വീട്ടിൽനിന്ന് വോട്ട് രേഖപ്പെടുത്താൻ സൗകര്യമൊരുക്കുന്നത്. ജില്ലയിൽ 13,216 പേരാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നത്.

കണ്ണൂർ ജില്ലയിലും ഹോം വോട്ടിങ് സേവനത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 20 വരെയാണ് ജില്ലയിൽ ഈ സൗകര്യം ലഭ്യമാവുക.

വയനാട് ജില്ലയിൽ നാളെയണ് വീട്ടിൽനിന്ന് വോട്ട് സേവനത്തിന് തുടക്കമാവുക. ജില്ലയിൽ ഇതിനായി അപേക്ഷിച്ച 5821 വോട്ടർമാർക്ക് വ്യാഴാഴ്ച വരെയാണ് ഈ സൗകര്യം ക്രമീകരിച്ചിരിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ മറ്റന്നാളാണ് ഹോം വോട്ടിങ് സേവനത്തിന് തുടക്കമാവുക. ജില്ലയിൽ അപേക്ഷ സമർപ്പിച്ച 15,000-ത്തോളം വോട്ടർമാർക്കായി ഈ മാസം 20 വരെയാണ് ഹോം വോട്ടിങ് ക്രമീകരിച്ചിരിക്കുന്നത്.

✪✪✪

തമിഴ്നാട്ടിൽ നിന്നും മതിയായ രേഖകളില്ലാതെ സ്കൂട്ടറിൽ കൊണ്ടുവരികയായിരുന്ന ആറ് ലക്ഷം രൂപ

പാലക്കാട് വേലന്താവളം ചെക്ക്പോസ്റ്റിൽ തെരഞ്ഞെടുപ്പ് പരിശോധനാ വിഭാഗം പിടികൂടി.

തുടർനടപടികൾക്കായി കൊഴിഞ്ഞാമ്പാറ പോലീസിന് കൈമാറിയതായി അധികൃതർ അറിയിച്ചു.

✪✪✪

കൊല്ലംപൂരവും കുടമാറ്റവും ഇന്ന് വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. താമരക്കുളം മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം നിന്നു നടത്തുന്ന കുടമാറ്റത്തിൽ ഇരുഭാഗത്തും 11 ആനകൾവീതം അണിനിരക്കും.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനും ചെന്നൈ സൂപ്പർ കിംഗ്സിനും ജയം. കൊൽക്കത്ത ഈഡൻ ഗാർഡൻസിലെ ആദ്യമത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലക്നൗ സൂപ്പർ ജയന്റ്സിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

മുംബൈയിൽ നടന്ന രണ്ടാം മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് മുംബൈ ഇന്ത്യൻസിനെ 20 റൺസിന് തോൽപ്പിച്ചു. ചെന്നൈ ഉയർത്തിയ 207 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈയ്ക്ക് നിശ്ചിത ഓവറിൽ 186 റൺസെടുക്കാനേ സാധിച്ചുള്ളൂ.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബാംഗ്ലൂർ ചിന്നസാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ ചെന്നൈയിൻ FCയെ പരാജയപ്പെടുത്തി. ഗോവ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഒന്നിനെതിരെ നാല് ഗോളുകളുകൾക്കാണ് ഗോവയുടെ ജയം.

ഇന്ന് ATK മോഹൻ ബഗാൻ മുംബൈ സിറ്റിയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ബ്രസീലിൽ ISSF ഒളിമ്പിക് യോഗ്യതാ ചാമ്പ്യൻഷിപ്പിൽ ഷൂട്ടിംഗിൽ, വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യയുടെ പാലക് ഗുലിയ വെങ്കലം നേടി. വിജയത്തോടെ അവർ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടി.

മറ്റൊരു ഇന്ത്യൻ താരം സൈന്യം സുരുചി അഞ്ചാം സ്ഥാനത്തെത്തിയെങ്കിലും ഒളിമ്പിക് ക്വാട്ടയിൽ ഇടം കണ്ടെത്താനായില്ല.

വരാനിരിക്കുന്ന പാരീസ് ഒളിമ്പിക്സിന് ഇതുവരെ 20 ഇന്ത്യൻ ഷൂട്ടർമാർ യോഗ്യത നേടിയിട്ടുണ്ട്.

✪✪✪

കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ സീനിയർ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഗുസ്തിയിൽ ഇന്ത്യൻ വനിതാ താരങ്ങളായ ഹർഷിതയും അഞ്ജു പംഗലും വെള്ളി മെഡൽ നേടി. ഹർഷിത 72 കിലോ വിഭാഗത്തിലും അഞ്ജു 53 കിലോ വിഭാഗ ത്തിലുമാണ് വെള്ളി നേടിയത്.

വനിതകളുടെ 65 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ ആന്റിം പഗലും 62 കിലോ വിഭാഗത്തിൽ മനീഷ ഭൻവാലയും വെങ്കലം സ്വന്തമാക്കി.

✪✪✪

സംസ്ഥാനത്ത് പലയിടങ്ങളിലും വേനൽ മഴ ലഭിക്കുന്നുണ്ടെങ്കിലും ചൂടിന് കുറവ് വന്നിട്ടില്ല.

മറ്റന്നാൾ വരെ ഉയർന്ന താപനില തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ ജില്ലകളിൽ മലയോര മേഖലകളിലൊഴികെ ഈ ദിവസങ്ങളിൽ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

✪✪✪